**വാസേ ബഹൂനാം കലഹോ ഭവേദ്വാർത്താ ദ്വയോരപി**
**ഏക ഏവ ചരേത്തസ്മാത് കുമാര്യാ ഇവ കങ്കണ: (11-9-10)**
**മന ഏകത്ര സംയുജ്യാജ്ജിതശ്വാസോ ജിതാസന:**
**വൈരാഗ്യാഭ്യാസയോഗേന ധ്രിയമാണമതന്ദ്രിത: (11-9-11)**
**യത്ര യത്ര മനോ ദേഹീ ധാരയേത് സകലം ധിയാ**
**സ്നേഹാദ്ദ്വേഷാദ്ഭയാദ്വാപി യാതി തത്തത്സരൂപതാം (11-9-22)**
**ന ഹ്യേകസ്മാദ്ഗുരോർജ്ഞാനം സുസ്ഥിരം സ്യാത് സുപുഷ്കലം**
**ബ്രഹ്മൈതദദ്വിതീയം വൈ ഗീയതേ ബഹുധർഷിഭി: (11-9-31)**

*മുനി തുടർന്നു:*
ശക്തനായ ഒരു കഴുകൻ ദുർബ്ബലനായ മറ്റൊന്നിനെ ആക്രമിക്കുന്നത് ഞാനൊരിക്കൽ കാണുകയുണ്ടായി. അതിൻെറ വായിൽ ഒരിറച്ചിക്കഷണമുണ്ടായിരുന്നു. ലൗകീകവസ്തുക്കൾക്കുവേണ്ടിയാണല്ലോ മനുഷ്യരും പരസ്പരം കലഹിക്കുന്നത്. കഴുകൻ ഇറച്ചിക്കഷണം പ്രയാസമേതും കൂടാതെ ഉപേക്ഷിച്ച് പറന്നുപോയി. അതുപോലെ വിവേകിയായ ഒരുവൻ സമ്പാദ്യങ്ങളെ ഉപേക്ഷിച്ച് ശാന്തത നേടേണ്ടതാണ്. ഒരു ശിശുവിനെപ്പോലെ ഞാൻ മാനാപമാനങ്ങൾക്കതീതനാണ്. എനിക്ക് ആശങ്കകളുമില്ല. നിർദ്ദോഷിയായ ശിശുവിനും ശിശുവിനെപ്പോലെ നിഷ്ക്കളങ്കനായ മഹർഷിക്കും മാത്രമേ ഇഹലോകത്തിൽ സന്തോഷമുളളു. ഒരു ചെറിയ പെൺകുട്ടി തനിക്ക് വിവാഹാലോചനയുമായി വന്ന അതിഥികളെ സൽക്കരിക്കുന്ന തിരക്കിലായിരുന്നു. നെല്ലു കുത്തുമ്പോൾ കയ്യിൽ കിടന്ന വളകൾ ശബ്ദമുണ്ടാക്കി. അവൾ വളകളോരോന്നായി പൊട്ടിച്ചു കളഞ്ഞു. അവസാനം രണ്ടു വളകൾ വീതമായിട്ടും ശബ്ദം ഉണ്ടായിരുന്നു. ഒടുവിൽ അവൾ ഓരോ കയ്യിലും ഓരോ വള മാത്രം ഇട്ടപ്പോൾ ശബ്ദവും നിലച്ചു. ഇതിൽ നിന്നും ഞാൻ പഠിച്ചത് പലർ കൂടുമ്പോൾ കലാപമുണ്ടാവുന്നു വെന്നും രണ്ടുപേരായാൽ പരദൂഷണമുണ്ടാവുമെന്നും അതിനാൽ ഏകനായിരിക്കുന്നതാണുത്തമം എന്നുമത്രെ.

ഒരുവൻ തൻെറ ഇരിപ്പും ശ്വാസഗതിയും നിയന്ത്രിച്ച് ജാഗ്രത വളർത്തണം. അനാസക്തിയും സ്ഥിരപരിശീലനവും കൊണ്ട് മാന്ദ്യമേതും കൂടാതെ അതു നേടാനാവുന്നതത്രെ. അമ്പുണ്ടാക്കുന്നയാൾ അതീവ ജാഗരൂകനാകയാൽ അതുവഴി കടന്നുപോയ രാജാവിനേയോ സന്നാഹങ്ങളെയോ അയാൾ കണ്ടതുപോലുമില്ല. അതുപോലെയായിരിക്കണം നമ്മുടെ ശ്രദ്ധ. ഒരു പാമ്പിനേപ്പോലെ ഭിക്ഷാംദേഹിയായ സന്യാസി മറ്റുളളവർ ഉപേക്ഷിച്ചുപോയ വസതികളിൽ താമസിക്കണം. അല്ലാതെ സ്വന്തമായി ഒന്നുണ്ടാക്കി സമയം വ്യഥാവിലാക്കരുത്. എട്ടുകാലി എപ്രകാരമാണോ വലയുണ്ടാക്കി സ്വയം അതിനുളളിലേക്ക് വലിയുന്നത് അപ്രകാരം ഭഗവാൻ സ്വയം വിശ്വസൃഷ്ടി നടത്തി അതിനുളളിൽ തന്നിലേക്ക് സ്വയം വിലീനനാവുന്നു. അവിടുന്നു മാത്രമാണുൺമ. "എന്താണോ ഒരുവൻ നിതാന്തമായി ജിവിതം മുഴുവൻ ധ്യാനിക്കുന്നത് - അത് പ്രേമത്തിലൂടെയോ വെറുപ്പിലൂടെയോ, ഭയത്തിലൂടെയോ ആയിക്കൊളളട്ടെ - അവൻ അതായിത്തീരുന്നു." ഒരു കടന്നലിൻെറ കുത്തേറ്റ പുഴു കടന്നലിനെത്തന്നെ ധ്യാനിച്ച് ഒടുവിൽ അതായിത്തീരുന്നു.

ഈ പാഠങ്ങളെല്ലാം ഞാനീ ഗുരുക്കൻമാരിൽ നിന്നുമഭ്യസിച്ചു. എൻെറ ശരീരത്തിൽനിന്നും ഞാൻ ഏറെ പഠിക്കുകയുണ്ടായി. ഈ ശരീരം മറ്റുളളവർക്കു സ്വന്തമാണ്. എൻേറതല്ല. ജീവിതകാലത്ത് ഇന്ദ്രിയങ്ങളുടെ പിടിയിൽപ്പെട്ടു വലഞ്ഞ് പലേദിശകളിലേക്ക് വലിച്ചിഴക്കപ്പെട്ട് ദുരിതങ്ങൾ സഹിച്ച് ഭാവി ജീവിതങ്ങളിലേക്കുളള വിത്തും പാകി അയാൾ മരണം വരിക്കുന്നു. ഇങ്ങിനെയൊക്കെയാണെങ്കിലും ഈ മനുഷ്യജീവിയുടെ സൃഷ്ടിയിലാണ് ഭഗവാൻ സംതൃപ്തനായത്. മറ്റെല്ലാ സൃഷ്ടികൾക്കും ഉപരിയായി മനുഷ്യജൻമത്തിൽ മാത്രമാണ് ആത്മസാക്ഷാത്ക്കാരം സാദ്ധ്യമാവുന്നത്. അത് അവൻെറ പ്രത്യേകതയത്രെ. ഈ ഒരു ലക്ഷ്യവുമായാണ് ഒരുവൻ മനുഷ്യജൻമമെടുക്കുന്നത്. സ്ഥിരപ്രതിഷ്ഠമായ അറിവു നൽകുന്നത് ഒരു ഗുരു മാത്രമല്ല. ഏകമായ ആത്മാവിനെപ്പറ്റി പലേ ഋഷിവര്യൻമാരും പലവിധത്തിൽ പാടി പുകഴ്ത്തിയിട്ടുണ്ട്.

*ശ്രീകൃഷ്ണൻ പറഞ്ഞു:*
ഇതു കേട്ട് യദുവിന് ബോധോദയമുണ്ടായി.